രൊളാണ്". 225 രൂപ എന്നതൊളാണ് ഇദ്ദേഹത്തിനു കൊടുക്കുന്നതെന്നറിഞ്ഞുകൂടാ.

ശ്രീ. കെ. ഭാർഗ്ഗവൻ : ഗ്രന്ഥശാലാസംഘത്തിന്റെ അഭിപ്രായമനുസരിച്ചാണോ ഇദ്ദേഹത്തിനു് ഈ സംഖ്യ ഓണറേറിയം കൊടുക്കുന്നതു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതെ.

പുള്ളുവജാതിക്കാർക്കുള്ള സൗജന്യങ്ങൾ

* 1504. [15] ശ്രീ. കെ. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയെ മറുപടി അറിയിക്കുമോ :

(എ) തിരുവിതാംകൂർ–കൊച്ചി പ്രദേശത്തെ "പുള്ളുവജാതി"ക്കു് കിട്ടിവരുന്ന വിദ്യാഭ്യാസ സൗജന്യങ്ങളും മറ്റും മലബാർപ്രദേശത്തെ പുള്ളുവജാതിക്കു ലഭിക്കുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ;

(ബി) മലബാറിലെ പുള്ളുവജാതിക്കാരിൽനിന്നും വല്ല നിവേദനവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർ ഉന്നയിച്ച ആവശ്യങ്ങളും എന്തൊക്കെയാണെന്നു ഭയവായി പറയാമോ ;

(സി) മലബാർ പ്രദേശത്തെ പുള്ളുവജാതിവിദ്യാർത്ഥികൾക്കു് ലംപ്സം ഗ്രാന്റു മുതലായ സൗജന്യങ്ങളും ഈ സ്കൂൾവർഷാരംഭത്തിലെങ്കിലും കിട്ടുമാറാകുന്നതിനു് അടിയന്തിര നടപടികളും എടുക്കുവാൻ ഗവണ്മെന്റു് ഇനിയെങ്കിലും വേണ്ടതു ചെയ്യുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി : (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഉണ്ടു്. മലബാർ പ്രദേശത്തെ പുള്ളുവജാതിക്കു തിരുവിതാംകൂർ പ്രദേശത്തെ പുള്ളുവജാതിക്കു കൊടുക്കുന്നതു പോലെയുള്ള എല്ലാ സൗജന്യങ്ങളും കൊടുക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

(ബി) മലബാറിലെ പുള്ളുവജാതിക്കു തിരുവിതാംകൂർ–കൊച്ചി പ്രദേശത്തുകൊടുക്കുന്ന എല്ലാ സൗജന്യങ്ങളും, ആനുകൂല്യങ്ങളും കിട്ടണമെന്ന രേഖാനിവേദനം കിട്ടിയിട്ടുണ്ടു്.

(സി) അടുത്ത സ്കൂൾവർഷത്തിൽ മലബാർഭാഗത്തെ പുള്ളുവജാതിക്കാർക്കു തിരുവിതാംകൂർ–കൊച്ചിഭാഗത്തെ പുള്ളുവജാതിക്കാർക്കു കൊടുക്കുന്നതു പോലെയുള്ള എല്ലാ ആനുകൂല്യങ്ങളും കൊടുക്കണമെന്നാണു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു്.

ശ്രീ. കെ. എം. ജോർജ്ജു് : പുള്ളുവജാതിക്കാർ മലബാർഭാഗത്തു തിരുവിതാംകൂർ-കൊച്ചി ഭാഗത്തും എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. പി. കെ. ചാത്തൻ : അതിന്റെ കണക്കു് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കെ. കുഞ്ഞമ്പു : കഴിഞ്ഞവർഷം കണ്ണൂർ ജില്ലയിലെ അഡ്വൈസറിക്കമ്മറ്റി ഇവർക്കു ലംപ്സം ഗ്രാന്റു കൊടുക്കുന്നതിനെപ്പറ്റി അയച്ചിട്ടുള്ള റിപ്പോർട്ടു ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : അതു ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടായിരിക്കണം. അവയുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നടപടികളെടുക്കുന്നതിനെക്കുറിച്ചാണു് ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly